**OCT : 13**

# ജോയിന്റ് ഫോറം ബുള്ളറ്റിൻ 23 / 2022

സഖാക്കളെ,

മാനേജ്മെന്റിന്റെ കരാർ ലംഘനത്തിനെതിരെ കഴിഞ്ഞ 128 ദിവസമായി ജോയിന്റ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടന്നു വന്ന സമരപരിപാടികൾ ഇന്നലെ വൈകിട്ട് മുതൽ മാനേജ്മെന്റുമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉണ്ടായ അനുകൂല തീരുമാനങ്ങളെത്തുടർന്ന് അവസാനിപ്പിക്കുവാൻ നാം തീരുമാനിച്ചിരിക്കുന്നു. നാം ഉന്നയിച്ച വിഷയങ്ങളിന്മേൽ, മുൻ നിലപാടുകളിൽ നിന്ന് വ്യത്യസ്തമായി വളരെ പോസിറ്റീവ് ആയിട്ടാണ് ചെയർമാൻ നമ്മോടു പ്രതികരിച്ചത്.

## വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് ജനുവരി മാസം process സ്റ്റാർട്ട് ചെയ്യും എന്നും മിത്രാ കമ്മിറ്റി പ്രകാരമായിരിക്കും vacancy assess ചെയ്യുക എന്നും ചെയർമാൻ ഉറപ്പ് നൽകിയിരിക്കുകയാണ്. നേരത്തെ, ബോർഡ് മെമ്പർമാർക്ക് ഒരു ധാരണ ഉണ്ടാക്കാൻ ബോർഡിൽ rough calculation മാത്രം നടത്തി മുന്നോട്ട് പോകും എന്ന അവസ്ഥയിൽ നിന്ന് റിക്രൂട്ട്മെന്റ് process സ്റ്റാർട്ട് ചെയ്യും എന്ന രേഖാമൂലമുള്ള ഉറപ്പ് നമ്മെ സംബന്ധിച്ചിടത്തോളം വലിയ വിജയമാണ്. കേന്ദ്രത്തിൽ പുതിയ കമ്മിറ്റി constitute ചെയ്ത സാഹചര്യത്തിൽ പോലും മിത്രാ കമ്മിറ്റി പ്രകാരം തന്നെ നിയമനം നടത്തുവാൻ ഈ സാമ്പത്തിക വർഷം തന്നെ ശ്രമിക്കും എന്നുള്ള ചെയർമാന്റെ ഉറപ്പ് നമ്മുടെ നേട്ടമാണ്. ആ ഉറപ്പ് നാം വിശ്വാസത്തിലെടുക്കുന്നു.

2. വർഷങ്ങളായി ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള ആവശ്യം നമ്മുടെ പ്രക്ഷോഭ പരിപാടികളെത്തുടർന്ന് ഡയറക്ടർ ബോർഡിന് മുമ്പാകെ കൊണ്ടു വന്നിരുന്നു. എന്നാൽ ഈ വിഷയം നബാർഡിലേക്ക് അയക്കുകയാണ് ബോർഡ് ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് താൽക്കാലിക ജീവനക്കാർക്ക് അനുകൂലമായി വന്ന സുപ്രീം കോടതി വിധി പരിഗണിച്ച് വീണ്ടും ബോർഡിലേക്ക് അവതരിപ്പിക്കാമെന്നും സംഘടനകളുടെ സഹായം കൂടി തേടികൊണ്ട് മെച്ചപ്പെട്ട രീതിയിൽ ഇത് പ്രാവർത്തികമാക്കാനുള്ള നടപടികൾ പൂർണ്ണ മനസ്സോടെ കൈക്കൊള്ളാൻ തയ്യാറാണെന്നും ചെയർമാൻ ഉറപ്പു നൽകി.

3. BC വിഷയത്തിൽ നേരത്തെ ഉണ്ടാക്കിയ ധാരണ പ്രകാരം സാമ്പത്തിക ഉൾച്ചേർക്കലിന്റെ

ഭാഗമായുള്ള നടപടിക്രമങ്ങൾ മാത്രമേ നടപ്പിൽ വരുത്തുകയുള്ളു എന്നും എവിടെയെങ്കിലും violation വരികയാണെങ്കിൽ (ബ്രാഞ്ചിനകത്ത് ഇരിക്കുകയോ സമീപ പ്രദേശങ്ങളിൽ നിന്ന് ഇടപാട് നടത്തുകയോ മറ്റോ ചെയ്താൽ) അത് ആർക്ക് വേണേലും ചൂണ്ടിക്കാട്ടാമെന്നും ശക്തമായ നടപടികൾ കൈക്കൊള്ളുമെന്നും ചെയർമാൻ അറിയിച്ചു.

പ്രക്ഷോഭവുമായി ബന്ധപ്പെട്ട് ജീവനക്കാർ ഏറ്റെടുത്ത ആഹ്വാനത്തിന്റെ ഭാഗമായി യാതൊരു വിധത്തിലുള്ള പ്രതികാര നടപടികളും ഉണ്ടാവില്ല എന്നും മാനേജ്മെന്റ് രേഖാമൂലം ഉറപ്പ് നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ജോയിന്റ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നാം നടത്തി വന്ന പ്രക്ഷോഭ പരിപാടികൾ അവസാനിപ്പിക്കാൻ നാം തീരുമാനിച്ചിരിക്കുകയാണ്.

നമ്മുടെ സ്ഥാപനത്തെ സംരക്ഷിക്കാൻ നാം ഏറ്റെടുത്ത പ്രക്ഷോഭം അതിന്റെ വിജയത്തിന്റെ അടുത്ത് എത്തിയിരിക്കുകയാണ്. അത് പൂർണ്ണ അർത്ഥത്തിൽ നടപ്പിലായാൽ മാത്രമേ നമുക്ക് വിശ്രമമുള്ളൂ. അല്ലാത്തപക്ഷം ശക്തമായ പ്രക്ഷോഭപരിപാടികളുമായി നാം അവസാനിപ്പിച്ചിടത്തു നിന്നും നമുക്ക് തുടങ്ങേണ്ടി വരും. അത് വരെ ജാഗ്രതയോടെ നമുക്ക് കാത്തിരിക്കാം... ബാങ്കിന്റെ ഉന്നമനത്തിനു വേണ്ടി കൈമെയ് മറന്ന് ഒറ്റക്കെട്ടായി മുന്നേറാം.

അഭിവാദ്യങ്ങളോടെ

ജനറൽ സെക്രട്ടറി
GS KGB EU OU
GS KGB SA OC